**15th Jan 2022**

**വിഷയം: ATM കാർഡ്, മോണിറ്റർ, Digi KGB***

ബാങ്കിലെ IT യുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ സംബന്ധിച്ച് ഇന്ന് ജനറൽ മാനേജരുമായി സംസാരിച്ചു.

**ATM കാർഡ്:**

ATM കാർഡിന്റെ ക്ഷാമം വലിയ ബുദ്ധിമുട്ടാണ് ബ്രാഞ്ചുകളിൽ ഉണ്ടാക്കുന്നത്. ഉടൻ തന്നെ കാർഡിന്റെ ക്ഷാമം പരിഹരിക്കണമെന്ന് സംഘടന ആവശ്യപ്പെടുകയും മാർഗം നിർദേശിക്കുകയും ചെയ്തിരുന്നു. പരിഹരിക്കാം എന്ന ഉറപ്പും നമുക്ക് കിട്ടിയിരുന്നു. എന്നാൽ അത് പരിഹരിക്കപ്പെടാത്ത പശ്ചാത്തലത്തിലാണ് വീണ്ടും സംസാരിച്ചത്. തിങ്കളാഴ്ച കൊണ്ട് ഈ വിഷയത്തിൽ തീരുമാനം ഉണ്ടാക്കാം എന്ന് അറിയിച്ചു.

**മോണിറ്റർ:**

പ്രവർത്തനക്ഷമമല്ലാത്ത മോണിറ്ററുകൾ ഒഴിവാക്കി പുതിയത് വാങ്ങണമെന്ന് സംഘടന ആവശ്യം ഉന്നയിച്ചിരുന്നു. അതിന്റെ കണക്കെടുത്ത് അനുയോജ്യമായ വിധത്തിൽ കൈകാര്യം ചെയ്യാമെന്ന് നേരത്തെ സമ്മതിച്ചിരുന്നതാണ്. എന്നാൽ കണക്കെടുപ്പ് കൃത്യമായ വിധത്തിൽ നടന്നിരുന്നില്ല. ഈ വിഷയം ബ്രാഞ്ചുകളിൽ ഉണ്ടാക്കുന്ന പ്രശ്നം അതിഭീകരമാണ്. ഇത് തെളിവ് സഹിതം സംഘടന അദ്ദേഹത്തെ ബോധ്യപ്പെടുത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തീരെ ഉപയോഗ ശൂന്യമായവ മാറ്റി വാങ്ങുകയോ repair ചെയ്യാൻ കഴിയുന്നവ പുതിയ കമ്പ്യൂട്ടർ വരുന്നത് വരെ ഉപയോഗിക്കാൻ പാകത്തിൽ നന്നാക്കുകയോ ചെയ്യാൻ റീജിയണൽ മാനേജർമാർക്ക് നിർദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട് എന്നാണ് അറിയിച്ചത്. ബന്ധപ്പെട്ട RM മാരുമായി സഖാക്കൾ ഈ വിഷയം സംസാരിക്കണം.

**Digi KGB:**

Digi KGB വഴിയുള്ള account opening ചില സാങ്കേതിക കാരണങ്ങൾ കൊണ്ട് കഴിഞ്ഞ കുറച്ച് നാളുകളായി നിർത്തി വച്ചിരിക്കുകയാണ്. അത് ഉടൻ enable ചെയ്യണം എന്ന് ആവശ്യപ്പെട്ടു. അധികം താമസിയാതെ enable ചെയ്യാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളാമെന്ന് സമ്മതിച്ചു.

**ജനറൽ സെക്രട്ടറി**
**KGBEU OU**